**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 313** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>കോന്നി മണ്ഡലത്തിലെ ലൈഫ് മിഷൻ പദ്ധതി ക്രമക്കേട്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. യു. ജനീഷ് കുമാർ ശ്രീ. കെ. എം. ഷാജി

(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** കോന്നി നിയോജക മണ്ഡലത്തിൽപ്പെട്ട തണ്ണിത്തോട്, സീതത്തോട്, അരുവാപുരം എന്നീ പഞ്ചായത്തുകളിലെ ലൈഫ് മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട ക്രമക്കേടിൽ പ്രതിയായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർക്കെതിരെ വകുപ്പ് തലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**<u>മറുപടി:</u>** പത്തനംതിട്ട ജില്ലയിലെ കോന്നി നിയോജക മണ്ഡലത്തിൽപ്പെട്ട തണ്ണിത്തോട്, സീതത്തോട് എന്നീ ഗ്രാമപഞ്ചായത്തുകളിൽ സേവനമനുഷ്ഠിച്ചിരുന്ന വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ വ്യാജരേഖ ചമച്ച് സാമ്പത്തിക തിരിമറി നടത്തിയതുമായി ബന്ധപ്പെട്ട് ടി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർക്കെതിരെ തണ്ണിത്തോട് പോലീസ് സ്റ്റേഷനിൽ ഫയൽ ചെയ്ത ക്രൈം നമ്പർ 194/2026 കേസിൽ ഭാരതീയ ന്യായ സംഹിതയിലെ U/S 316 (5), 318 (4), BNS പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. മാത്രവുമല്ല ടിയാൾ സേവനമനുഷ്ഠിച്ചിരുന്ന തണ്ണിത്തോട്, സീതത്തോട്, അരുവാപ്പലം ഗ്രാമപഞ്ചായത്തുകളിൽ ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകൾ നടത്തിയതായി തദ്ദേശസ്വയംഭരണ വകുപ്പ് ഇന്റേണൽ വിജിലൻസ് ഓഫീസറും, പത്തനംതിട്ട ജില്ലാ ജോയിന്റ് ഡയറക്ടറും നൽകിയ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ ഭാഗത്ത് നിന്നും ഗുരുതരമായ കൃത്യവിലോപം, സാമ്പത്തിക തിരിമറി, ധനാപഹരണം എന്നിവയുണ്ടായതായി കണ്ട് ടിയാളെ 1960-ലെ കേരള സിവിൽ സർവീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 10 (1) അനുസരിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ 04.09.2026 തീയതിയിൽ അന്വേഷണ വിധേയമായി സേവനത്തിൽ നിന്നും സസ്പെൻഡ് ചെയ്തുകൊണ്ട് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ക്രമക്കേടുമായി ബന്ധപ്പെട്ട് കൂടുതൽ അന്വേഷണം അനിവാര്യമായതിനാൽ ആയതിലേക്ക് ഒരു അന്വേഷണ ടീം രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതും തുടർനടപടികൾ സ്വീകരിച്ച് വരുന്നതുമാണ്.

**സെക്ഷൻ ഓഫീസർ**